യു.പി. തലത്തിൽ ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളിലും ഗണിതം, സാമൂഹ്യ ശാസ്ത്രം, സയൻസ് വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളും, എൽ.പി. തലത്തിൽ ഗണിതം, ഇംഗ്ലീഷ് മലയാളം എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിപാടികളും നടപ്പാക്കിവരുന്നു.

കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

11 (*251) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കമ്പനിയുടെ വികസന- വിപുലീകരണ-വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) പുതുതായി എന്തെല്ലാം നവീകരണ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ഡി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റുകൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) കെൽട്രോണിന് കൂടുതൽ ഓർഡറുകൾ നേടിയെടുക്കുന്നതിന് കഴിയുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(എഫ്) കമ്പനിയുടെ ഇപ്പോഴത്തെ വിറ്റുവരവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൺസോർഷ്യം ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനുണ്ടായിരുന്ന 307.03 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 57.85 കോടി രൂപ നൽകി തീർപ്പാക്കി. കെൽട്രോണിൽ 'സ്വയം വിരമിക്കൽ പദ്ധതി' നടപ്പാക്കാനായി KIRF Board-ൽനിന്ന് വായ്പയെടുത്ത തുകയുടെ പലിശയായ 8.70 കോടി രൂപ സർക്കാർ ഉപേക്ഷിക്കുകയും വായ്പയെടുത്ത തുകയിൽ 5 കോടി രൂപ KIRF Board-ൽ തിരിച്ചടയ്ക്കുകയും ചെയ്തു. സർക്കാർ ലോണിന്റെ പലിശ 5 വർഷത്തേക്ക് മരവിപ്പിച്ചു. 11.8 കോടി രൂപ share pending allotment ആക്കി മാറ്റി. കെൽട്രോണിന്റെ കണ്ണൂരിലുള്ള നാല് യൂണിറ്റുകൾ ലയിപ്പിച്ച് ഒന്നാക്കി.

LIBRARY ARCHIVES Kerala Legislative Assembly

കെൽട്രോണിനെ 5 വർഷത്തിനുള്ളിൽ 1000 കോടി രൂപ വിറ്റുവരവിനുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിന് ഒരു 'വിഷൻ പ്ലാൻ' തയ്യാറാക്കാൻ ഒരു കൺസൾട്ടൻസിയെ ചുമതലപ്പെടുത്തി. വർഷങ്ങളായി നടപ്പാക്കാതിരുന്ന വേതനപരിഷ്ക്കരണം നടപ്പിലാക്കി.

(ബി) കണ്ണൂരിലുള്ള കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിക്ക് വിക്സന-വിപുലീകരണ പ്രവർത്തനങ്ങൾക്കായി 3.43 കോടി രൂപ 2006-07 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. കുറ്റിപ്പുറത്തുള്ള കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിക്ക് 2006-07 സാമ്പത്തിക വർഷത്തിൽ 57 ലക്ഷം രൂപയും, 2009-10-ൽ 47 ലക്ഷം രൂപയും വികസന-വ്യാപുലീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(സി) കെൽട്രോണിന്റെ നവീകരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

1. ഇന്ത്യൻ നേവിക്ക് ആവശ്യമായ സോണാർ സിസ്റ്റംസ് നിർമ്മിക്കുന്നതിനായി NPOL-മായി ഉടമ്പടി ഒപ്പുവയ്ക്കുകയും ഇതിനായുള്ള അടിസ്ഥാന സൗകര്യം അരൂരിലെ കെൽട്രോൺ കൺട്രോൾസിൽ നടപ്പാക്കിവരുന്നു.

2. ആധുനിക സാങ്കേതിക വിദ്യയുടെ മുഖ്യഘടകമായ SMT സംവിധാനം കെൽട്രോൺ മൂടാടിയിൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.

3. കെൽട്രോൺ ISRO-യുമായി ചേർന്ന് ഒരു 'Aero Space Division' കരകുളത്ത് തുടങ്ങുവാനുദ്ദേശിച്ചിട്ടുണ്ട്.

4. 12 കോടി രൂപ മുതൽമുടക്കിൽ ഒരു 'ടൂൾ റൂം സെന്റർ' കുറ്റിപ്പുറത്ത് കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിനു സമീപം കെൽട്രോണിന്റെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഡി) കണ്ണൂരിലെ കെൽട്രോൺ സബ്സിഡിയറി യൂണിറ്റുകളായ കെൽട്രോൺ കംപോണന്റ് കോപ്ലക്സ് ലിമിറ്റഡ്, കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ്, കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കെൽട്രോൺ മാഗ്നെറ്റിക്സ് ലിമിറ്റഡ് എന്നീ കമ്പനികളെ ലയിപ്പിച്ച് കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്ന ഒറ്റക്കമ്പനിയാക്കി മാറ്റിക്കൊണ്ട് കണ്ണൂരിലെയും കുറ്റിപ്പുറത്തുമുള്ള സബ്സിഡിയറി കമ്പനികളെ ലാഭത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി Transducers നിർമ്മാണ മേഖലയിലേക്ക് കുറ്റിപ്പുറത്തുള്ള യൂണിറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. NPOL, BEL എന്നീ കമ്പനികളുടെ ഓർഡറുകൾ ഈ യൂണിറ്റിന് ലഭിച്ചിട്ടുണ്ട്.

(ഇ) കെൽട്രോണിന് പുതിയ ഓർഡറുകൾ നേടിയെടുക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 93 കോടി രൂപയുടെ അധിക pending order നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2009-10 സാമ്പത്തിക വർഷത്തിൽ കെൽട്രോൺ 225.92 കോടി രൂപയുടെ വിറ്റുവരവ് നേടി. നടപ്പു സാമ്പത്തിക വർഷത്തിൽ 270 കോടി രൂപയുടെ വിറ്റുവരവാണ് കെൽട്രോൺ പ്രതീക്ഷിക്കുന്നത്.

വ്യാജപട്ടയങ്ങളും കള്ള ആധാരങ്ങളും കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള നടപടി

12 (*252) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെയുള്ള വ്യാജ പട്ടയങ്ങളും കള്ള ആധാരങ്ങളും കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ, ചട്ടവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ ;

(സി) ടാസ്ക് ഫോഴ്സിന്റെ ഘടന വ്യക്തമാക്കുമോ ; ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനഫലമായി എത്ര ഏക്കർ സർക്കാർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട് ; ഇതിൽ എത്ര ഏക്കർ ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കയ്യേറ്റവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) സംസ്ഥാനത്തൊട്ടാകെയുള്ള വ്യാജപട്ടയങ്ങളും കള്ള ആധാരങ്ങളും കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

ജില്ല	സ്വീകരിച്ച നടപടികൾ
(1)	(2)
തിരുവനന്തപുരം	ഇത്തരത്തിലുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
കൊല്ലം	ഇൻസ്പെക്ഷൻ സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ റവന്യൂ വിജിലൻസ് ആന്റ് ഇൻസ്പെക്ഷൻ വിഭാഗം രൂപീകരിച്ചിട്ടുള്ളതും ഇത്തരം കേസ്സുകൾ അന്വേഷിച്ചു വരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly